# روضة الخطباء

## റൗദതുൽ ഖുതബാഅ്, ഖുതുബ നോട്ട്

روضة الخطباء

sufaraulislam.com

## സമാധാനം ഇസ്‌ലാമിലൂടെ

21/01/2022

- അസ്വസ്ഥതകൾ നിറഞ്ഞ വാർത്തകളുമായാണ്  ഓരോ പ്രഭാതവും പിറന്നു വീഴുന്നത്.
- അഴിമതികൾ, ലഹരി മാഫിയകൾ, കൊലപാതകങ്ങൾ…
- മാതാപിതാക്കളെ നോവിക്കുന്ന മക്കൾ, ചതിക്കുന്ന ഇണകൾ, മക്കളെ അവഗണിക്കുന്ന മാതാപിതാക്കൾ, ശിഥിലമാവുന്ന ബന്ധങ്ങൾ.
- ആരും വെറുതെ ചെയ്യുന്നതല്ല, ഓരോരുത്തർക്കും അവരവരുടെ ന്യായങ്ങൾ പറയാനുണ്ട്
- എന്റെ ന്യായം  മറ്റൊരുത്തന് അന്യായമാണ്, അവന്റെ ന്യായം  ഇവനും അന്യായമായി തോന്നുന്നു
- ന്യായാന്യായങ്ങളും ശരി തെറ്റുകളും നമ്മൾ സ്വയം തീരുമാനിച്ചാൽ ഇത്തരം വാർത്തകൾ തുടർന്ന് കൊണ്ടിരിക്കും.
- അസ്വസ്ഥതകളില്ലാത്ത സമാധാനാന്തരീക്ഷം പുലരണമെങ്കിൽ മനുഷ്യനെ സൃഷ്ടിച്ച അവന്റെ  നാഥൻ പറഞ്ഞ കാര്യങ്ങളിലേക്ക് മടങ്ങൽ മാത്രമാണ് പരിഹാരം

قُلْنَا اهْبِطُوا مِنْهَا جَمِيعًا فَإِمَّا يَأْتِيَنَّكُم مِّنِّي هُدًى فَمَن تَبِعَ هُدَايَ فَلَا خَوْفٌ عَلَيْهِمْ وَلَا هُمْ يَحْزَنُونَ ﴿البقرة: ٣٨﴾

- മനുഷ്യനെ സൃഷ്ടിച്ച  നാഥൻ അവർക്ക് വെച്ച ജീവിതരേഖകൾ അന്യൂനവും സമാധാന പൂർണവും ആണ്
- മതമില്ലാത്ത  ലോകത്തെയാണ് ഇന്ന് പലരും പ്രോത്സാഹിപ്പിക്കുന്നത്. പ്രത്യേകിച്ച് ഇസ്ലാം ഇല്ലാത്ത ലോകം….
- എന്നാൽ അല്ലാഹു നമുക്കു നൽകിയ മതത്തെ യഥാവിധം പഠിച്ച് അതനുസരിച്ച് ജീവിക്കുന്ന ഒരാൾ  പൂർണ്ണ സന്തോഷവാനും സമാധാന ജീവിതം നയിക്കുന്നവനുമായിരിക്കും.

- സമൂഹത്തിൽ അസമാധാനം വിതക്കുന്ന കാര്യങ്ങളെ എങ്ങനെ മതം നോക്കി ക്കാണുന്നു എന്നത് നമുക്ക് പരിശോധിക്കാം.
- ആത്മീയ ചൂഷണ കേന്ദ്രങ്ങളാണ് ഇന്ന് വാർത്തകളിൽ നിറഞ്ഞു നിൽക്കുന്നത്.
- അടിമക്കും ഉടമയ്ക്കും ഇടയിൽ ഇടയാളന്മാർ ഇല്ലാത്ത വിശ്വാസമാണ് ഇസ്ലാം പഠി പ്പിക്കുന്നത്. ഇത് നമുക്ക് സമാധാനം നൽകുന്നു.

وَإِذَا سَأَلَكَ عِبَادِي عَنِّي فَإِنِّي قَرِيبٌ أُجِيبُ دَعْوَةَ الدَّاعِ إِذَا دَعَانِ فَلْيَسْتَجِيبُوا لِي وَلْيُؤْمِنُوا بِي لَعَلَّهُمْ يَرْشُدُونَ ﴿البقرة: ١٨٦﴾

- തിന്മയെ നന്മ കൊണ്ട് പ്രതിരോധിക്കാൻ പഠിപ്പിക്കുന്ന മതം ഉൾക്കൊണ്ട ഒരു വിദ്യാർഥി എങ്ങനെ തന്റെ സഹോദരന്റെ നെഞ്ചിൽ കഠാര കുത്തിയിറക്കും?
- യുദ്ധ ഭൂമിയിൽ പോലും കുട്ടികളെയും സ്ത്രീകളെയും വൃദ്ധന്മാരെയും വധിക്കരുത്, ശത്രുവിന്റെ ഉപജീവന മാർഗ്ഗത്തെ തകർക്കരുത് എന്നാണ് ഇസ്ലാമിക അധ്യാ പനം
- അന്യായമായി ഒരാളെ വധിക്കുന്നത് ലോകത്ത് മുഴുവനാളുകളെയും വധി ക്കുന്ന തിന് തുല്യമാണ് എന്നു പഠിപ്പിച്ച മതമാണ് ഇസ്ലാം.

مِنْ أَجْلِ ذَٰلِكَ كَتَبْنَا عَلَىٰ بَنِي إِسْرَائِيلَ أَنَّهُ مَن قَتَلَ نَفْسًا بِغَيْرِ نَفْسٍ أَوْ فَسَادٍ فِي الْأَرْضِ فَكَأَنَّمَا قَتَلَ النَّاسَ جَمِيعًا وَمَنْ أَحْيَاهَا فَكَأَنَّمَا أَحْيَا النَّاسَ جَمِيعًا (المائدة: ٣٢)

- പരസ്പര സമ്മതത്തോടെ ആരോടും ശരീരം പങ്കുവെക്കാം എന്നാണ് മതമില്ലാത്ത ലോകം ആഗ്രഹിക്കുന്നവർ പറയുന്നത്.
- എന്നാൽ ബന്ധങ്ങൾ വിശുദ്ധമാണെന്നും വ്യഭിചാരത്തോട് അടുക്കുക പോലും ചെയ്യരുത് എന്നാണ് മതം പഠിപ്പിക്കുന്നത്.

وَلَا تَقْرَبُوا الزِّنَىٰ إِنَّهُ كَانَ فَاحِشَةً وَسَاءَ سَبِيلًا ﴿الإسراء: ٣٢﴾

- മാതാപിതാക്കളോട് ഛെ, എന്ന വാക്കുപോലും പറയരുത് എന്ന് പഠിപ്പിക്കുന്ന മതം എത്ര മനോഹരമാണ്!

وَقَضَىٰ رَبُّكَ أَلَّا تَعْبُدُوا إِلَّا إِيَّاهُ وَبِالْوَالِدَيْنِ إِحْسَانًا إِمَّا يَبْلُغَنَّ عِندَكَ الْكِبَرَ أَحَدُهُمَا أَوْ كِلَاهُمَا فَلَا تَقُل لَّهُمَا أُفٍّ وَلَا تَنْهَرْهُمَا وَقُل لَّهُمَا قَوْلًا كَرِيمًا ﴿ الإسراء :٢٣﴾

- ദാരിദ്ര്യത്തെ ഭയന്ന് നിങ്ങൾ മക്കളെ വധിക്കരുത് എന്ന് പറയുന്ന മതം ഭ്രൂണഹത്യകൾ നിറഞ്ഞ കാലഘട്ടത്തിൽ എത്ര വലിയ മനുഷ്യാവകാശ സന്ദേശമാണ് നൽകുന്നത്

وَلَا تَقْتُلُوا أَوْلَادَكُمْ خَشْيَةَ إِمْلَاقٍ نَّحْنُ نَرْزُقُهُمْ وَإِيَّاكُمْ إِنَّ قَتْلَهُمْ كَانَ خِطْئًا كَبِيرًا ﴿الإسراء: ٣١﴾

- 1960 കളിൽ ദാരിദ്ര്യം എന്ന കാരണം പറഞ്ഞു ഒരു കുട്ടി എന്ന നിയമം കൊണ്ടു വന്ന ചൈന 2006 ൽ ചെറുപ്പക്കാരുടെ കുറവു മൂലം അത് പിൻവലിക്കേണ്ടിവന്നു
- അഥവാ മതമുള്ള ലോകത്താണ് മനുഷ്യർ കൂടുതൽ സമാധാനത്തോടെ ജീവിക്കുന്നത്. അവിടെയാണ് സാമൂഹിക സന്തുലിതാവസ്ഥ നിലനിൽക്കുന്നത്.
- മനുഷ്യനെ സൃഷ്ടിച്ച നാഥൻ വെച്ച അതിർവരമ്പുകൾ അവന് നന്മയേ സമ്മാനിക്കൂ. അതിനെ ലംഘിക്കുമ്പോൾ ആണ് കുഴപ്പങ്ങൾ ഉണ്ടാകുന്നത്
- എന്തുകൊണ്ടാണ് സത്യവിശ്വാസികൾക്ക് സമാധാനം ലഭിക്കുന്നത്?

وَالْحَافِظُونَ لِحُدُودِ اللَّهِ وَبَشِّرِ الْمُؤْمِنِينَ ﴿التوبة: ١١٢﴾

- അല്ലാഹു വെച്ച അതിർവരമ്പുകൾ ലംഘിക്കരുത്.

تِلْكَ حُدُودُ اللَّهِ فَلَا تَعْتَدُوهَا وَمَن يَتَعَدَّ حُدُودَ اللَّهِ فَأُولَٰئِكَ هُمُ الظَّالِمُونَ [البقرة ٢٢٩]

- നോക്കൂ, പ്രവാചകന്റെ പ്രവചനങ്ങൾ സത്യമായി പുലരുന്നത്...
- കൊലപാതകങ്ങൾ അധികരിക്കും, കൊന്നവനും കൊല ചെയ്യപ്പെട്ടവനും കാരണം അറിയാത്ത കാലം വരും.
- വ്യഭിചാരം സാർവത്രികമാകും, ശരിതെറ്റുകൾ നോക്കാതെ സമ്പാദിക്കുന്ന അവസ്ഥയുണ്ടാകും, ഇതെല്ലാം പ്രവാചകൻ നേരത്തെ അന്ത്യദിനത്തിന്റെ അടയാളങ്ങളായി നമ്മെ പഠിപ്പിച്ചതാണ്
- അതുകൊണ്ട് നമ്മൾ മനസ്സിലാക്കേണ്ടത്, ഇത്രമേൽ അരാജകത്വങ്ങൾ നിറഞ്ഞ ലോകത്ത് നമ്മുടെ ബാധ്യതകൾ വലുതാണ്
- ഇതിനെതിരെ ശബ്ദിക്കാൻ, സമൂഹത്തിന് നന്മ പറഞ്ഞുകൊടുക്കാൻ നമുക്ക് സാധിക്കണം

- അതിരുകളില്ലാത്ത ലോകമാണ് നമുക്ക വേണ്ടത് എന്ന് പറയുന്നവരോട് അത് അശാന്തി വിതക്കും എന്ന പറയാൻ നമുക്ക് സാധിക്കണം. അതിനുള്ള സ്വാതന്ത്ര്യം നമുക്കുണ്ട്
- മതവും ലിംഗവും നോക്കാതെ പ്രണയിക്കാം എന്ന് പറയുന്നവരുടെ വാദവും അവരുടെ പ്രത്യയശാസ്ത്രവും മതവിരുദ്ധമാണ്. അവരെ കരുതിയിരിക്കണമെന്ന് പുതുതലമുറയെ നാം ഉപദേശിക്കണം.
- ആണും ആണും പെണ്ണും പെണ്ണും വിവാഹം കഴിക്കാം എന്ന പറയുന്ന വാദത്തെയും അത്തരക്കാരുടെ ചിന്താഗതികളെയും ശക്തമായി നാം തിരുത്തണം. അവരുടെ കൂടെ കൂടിയാൽ നമുക്ക് നഷ്ടമാവുക നമ്മുടെ മതമാണ്
- ഇത് സാമൂഹികസന്തുലിതാവസ്ഥയെ തകരാറിലാകും.
- ലൂത് നബി (അ) യുടെ കാലത്തെ സ്വവർഗരതിക്കാരായ മനുഷ്യർ ഏറ്റവും വലിയ ശിക്ഷക്ക് വിധേയരായി എന്നത് നാം വിസ്മരിക്കരുത്.
- നിങ്ങൾ എന്തിന് ഇതൊക്കെ പറയണം എന്ന് ചോദിക്കുന്നവരോട് വിശ്വാസിയുടെ മറുപടി നമ്മൾ നമ്മുടെ ബാധ്യത നിർവഹിക്കുകയാണ് എന്നതാണ്.

وَإِذْ قَالَتْ أُمَّةٌ مِّنْهُمْ لِمَ تَعِظُونَ قَوْمًا اللَّهُ مُهْلِكُهُمْ أَوْ مُعَذِّبُهُمْ عَذَابًا شَدِيدًا قَالُوا مَعْذِرَةً إِلَىٰ رَبِّكُمْ وَلَعَلَّهُمْ يَتَّقُونَ ﴿الأعراف :١٦٤﴾

عن عمر بن الخطاب: لا تزالُ طائفةٌ منْ أمتي ظاهرينَ على الحقِّ، حتى تقومَ الساعةُ (السيوطي)
ഉമർ ബ്നുൽ ഖത്താബ് (റ) പറഞ്ഞു; നബി (സ്വ) പറഞ്ഞു; സത്യത്തിൽ അടിയുറച്ചു നിൽക്കുന്ന ഒരു വിഭാ ഗം അന്ത്യദിനം വരെ എന്റെ ഉമ്മത്തിൽ ഉണ്ടാകും

- സമൂഹത്തിൽ പ്രശ്നമാണ്, ക്യാമ്പസുകളിൽ കലുഷിത സാഹചര്യമാണ് എന്ന് വിചാരിച്ച് ഒന്നിലേക്കും ഇല്ല എന്ന് ചിന്തിച്ച് ഒതുങ്ങിക്കൂടാൻ നമുക്ക് കഴിയില്ലല്ലോ... നമ്മൾ എന്തു ചെയ്യണം?
- നമ്മുടെയും മക്കളുടെയും കുടുംബത്തിന്റെയും വിശ്വാസം ഊട്ടിയുറപ്പിക്കണം
- എന്നാൽ ഒന്നിനും നമ്മെ വഴിപിഴപ്പിക്കാൻ കഴിയില്ല

يَا أَيُّهَا الَّذِينَ آمَنُوا عَلَيْكُمْ أَنفُسَكُمْ لَا يَضُرُّكُم مَّن ضَلَّ إِذَا اهْتَدَيْتُمْ إِلَى اللَّهِ مَرْجِعُكُمْ جَمِيعًا فَيُنَبِّئُكُم بِمَا كُنتُمْ تَعْمَلُونَ ﴿المائدة: ١٠٥﴾

- കുടുംബത്തിൽ ധാർമിക, വിശ്വാസ ചർച്ചകൾ നടക്കണം

يَا أَيُّهَا الَّذِينَ آمَنُوا قُوا أَنفُسَكُمْ وَأَهْلِيكُمْ نَارًا وَقُودُهَا النَّاسُ وَالْحِجَارَةُ عَلَيْهَا مَلَائِكَةٌ غِلَاظٌ شِدَادٌ لَّا يَعْصُونَ اللَّهَ مَا أَمَرَهُمْ وَيَفْعَلُونَ مَا يُؤْمَرُونَ ﴿التحريم: ٦﴾

يَا أَيُّهَا الَّذِينَ آمَنُوا ادْخُلُوا فِي السِّلْمِ كَافَّةً وَلَا تَتَّبِعُوا خُطُوَاتِ الشَّيْطَانِ إِنَّهُ لَكُمْ عَدُوٌّ مُّبِينٌ ﴿٢/ ٢٠٨﴾

ഉദാര ലൈംഗികതയുടെയും അതിസ്വാതന്ത്ര്യവാദത്തിന്റെയും ആളുകൾ പ്രത്യേകിച്ച് ഇസ്ലാമിന്റെതകർച്ച ലക്ഷ്യം വെക്കുന്ന ഈ കാലത്ത് നമ്മുടെ ബാധ്യത മറക്കാതിരിക്കുക.

وَلْتَكُن مِّنكُمْ أُمَّةٌ يَدْعُونَ إِلَى الْخَيْرِ وَيَأْمُرُونَ بِالْمَعْرُوفِ وَيَنْهَوْنَ عَنِ الْمُنكَرِ وَأُولَٰئِكَ هُمُ الْمُفْلِحُونَ ﴿البقرة: ١٠٤﴾

---

- ഖുത്ബ നോട്ടുകൾ ലഭിക്കാൻ (+917034743343) എന്ന നമ്പർ സേവ് ചെയ്തു പേരും സ്ഥലവും ചേർത്ത് വാട്സാപ്പ് മെസേജ് അയക്കുക.
- ഖുത്ബ ഗ്രൂപ്പിൽ ചേരാൻ ഈ ലിങ്ക് ഉപയോഗിക്കുക:
https://chat.whatsapp.com/KRPAkhbXmwCAn5sHVJSfVA
- ഇതു വരെയുള്ള എല്ലാ ഖുത്ബകളും ലഭിക്കാൻ വെബ്സൈറ്റ് സന്ദർശിക്കുക.
https://sufaraulislam.com/index